**മഹാതമാഗാന്ധി  ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി**

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

## കിഴുവിലം  ഗ്രാമപഞ്ചായത്ത്

വാർഡ് നമ്പർ **- 09** നൈനാംകോണം

**ചിറയിൻകീഴ് ബ്ലോക്ക്**

**തിരുവനന്തപുരം ജില്ല**

**സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 30/10/2019**

നൈനാംകോണം

---


മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ്  നിയമം

സോഷ്യല്     ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)

LMS കോമ്പൗണ്ട് ,പാളയം,തിരുവനന്തപുരം . 03

ഫോണ്‍നമ്പര്     0471-2724696.Email.keralasocialaudit@gmail.com


---

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ

## ചിറയിൻകീഴ് ബ്ലോക്ക്

## കിഴുവിലം ഗ്രാമപഞ്ചായത്ത്

## വാർഡ് നമ്പർ 09(നൈനാംകോണം)

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ദാരിദ്ര്യ ലഘൂകരണ ത്തിനുവേണ്ടി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ്.2005സെപ്റ്റംബർ 5ന് തൊഴിലുറപ്പ് നിയമം പാസ്സാക്കി. 2006സെപ്റ്റംബർ 2നു പദ്ധതി നിലവിൽ വന്നു. ഇന്ത്യയിലെ 200 ജില്ലകളിലാണ് പദ്ധതി ആരംഭത്തിൽ നടപ്പിലാക്കിയത്. 2006ൽ കേരളത്തിൽ വയനാട്, പാലക്കാട് ജില്ലകളിൽ തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചു. 2008 ¡കേരളത്തിലെ എല്ലാ ജില്ലകളിലും തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചു. ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന ഏതൊരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തിൽ കുറയാതെ പണി ലഭിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരു വ്യക്തിക്കും തൊഴിലായി അപേക്ഷിക്കാൻ സ്ത്രീപുരുഷഭേധമില്ലാതെ അപേക്ഷിക്കാം. എല്ലാവർക്കും തുല്യ വേതനം നൽകുന്നതും തൊഴിലുറപ്പ് പദ്ധതിയുടെ പ്രത്യേകതയാണ്. പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖല, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. തൊഴിലുറപ്പ് പദ്ധതി ഇടനിലക്കാരെ ഇല്ല സെക്ഷൻ17(A) പ്രകാരമാണ് സോഷ്യൽ ഓഡിറ്റ് നിലവിൽ വന്നത്. ഫയൽ പരിശോധന, വേൾഡ് പരിശോധന തൊഴിലാളികളും ആയുള്ള ആശയവിനിമയത്തിന് ശേഷമാണ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുന്നത്. ഈ ഗ്രാമസഭയിൽ തൊഴിലാളികളിൽ നിന്ന് ഒരാളെയാണ് അധ്യക്ഷയായി തിരഞ്ഞെടുക്കുന്നത്.

## ഫയൽ പരിശോധന റിപ്പോർട്ട്

പ്രവർത്തിയുടെ പേര്:- മണ്ണ് ജലസംരക്ഷണം

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിലെ 9-ആം വാർഡിലെ (നൈനാൻ കോണം) 2018-19 സാമ്പത്തിക വർഷം September 1 മുതൽ March 31 വരെയുള്ള ഉള്ള കാലയളവിലെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്,

കിഴുവിലം പഞ്ചായത്തിലെ 4159 തൊഴിൽ കാർഡ് കുടുംബങ്ങൾ ഉള്ളതിൽ 4049 ആക്ടീവ തൊഴിൽ കുടുംബങ്ങൾ ഉണ്ട്. 9-ആം വാർഡിൽ 245 തൊഴിൽ കാർഡ് കുടുംബങ്ങൾ ഉള്ളതിൽ 111 ആക്റ്റീവ് തൊഴിൽ കാർഡ് കുടുംബങ്ങളാണ് ഉള്ളത്. വാർഡ് 9-ഇൽ പാട്ടകൃഷി ഗ്രൂപ്പ് (1) മണ്ണുജല സംരംക്ഷണ പ്രവൃത്തികൾ (ഖണ്ഡിക-5 പ്രകാരം ഉള്ള പ്രാവർതികൾ) നൈനാം കോണം ഓണം DP/269480,. DP/262659, DP/262761 എന്നീ ഫയലുകൾ പരിശോധിച്ചതിൽ നിന്ന്.

1. കവർപേജ് :

✔ എ എം സി പ്രകാരമുള്ള കവർ പേജ് ഉണ്ടായിരുന്നു.

❌ മൂന്ന് ഫയലുകളിൽ വർക്ക് കോഡ് ഇല്ലായിരുന്നു.

❌ Geotagging assets, Asset ID, GPS location എന്നിവ ഇല്ലായിരുന്നു.

2. ചെക്ക് ലിസ്റ്റ് ലിസ്റ്റ്:-

✔ ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു.

✔ വിവരങ്ങൾ പൂർണമായിരുന്നു.

3. ആക്ഷൻ പ്ലാൻ കോപ്പി:-

✔ ആക്ഷൻ പ്ലാൻ കോപ്പി ഉണ്ടായിരുന്നു.

✔ ആക്ഷൻ പ്ലാൻ കോപ്പിലെയും, കവർ പേജിലെയും പ്രവൃത്തികളിലെ പേര് ഒന്നായിരുന്നു.

4. എസ്റ്റിമേറ്റ്:-

✔ എസ്റ്റിമേറ്റ് ഉണ്ടായിരുന്നു.

❌ ജനകീയ ഭാഷയിൽ അല്ലായിരുന്നു.

❌ അധികാരികളുടെ സീൽ, തീയതി എന്നിവ ഇല്ലായിരുന്നു.

❌ കവർപേജ് എസ്റ്റിമേറ്റ് ഇല്ലായിരുന്നു.

❌ CIB location രേഖപ്പെടുത്തിയിട്ടില്ല.

5. ഡ്രോയിങ് ആൻഡ് ഡിസൈൻ

✔ ഡ്രോയിങ് ഡിസൈൻ ഉണ്ട് ഉണ്ട്.

6. ഭരണാനുമതി.

✔ ഭരണാനുമതി ഉണ്ടായിരുന്നു.

❌ പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പ്, സീൽ, തീയതി എന്നിവ ഇല്ലായിരുന്നു.

7. സാങ്കേതിക അനുമതി

✔ സാങ്കേതിക അനുമതി ഉണ്ടായിരുന്നു.

8. ഡിമാൻഡ് ഫോം.

✔ ഡിമാൻഡ് ഫോം ഉണ്ട് ഉണ്ട്, 3 ബി പ്രകാരമുള്ള ഡിമാൻഡ് ഫോം ആയിരുന്നു.

✔ വിവരങ്ങൾ പൂർണമായിരുന്നു.

9. വർക്ക് അലോട്ട്മെൻറ് ഫോം.

✔ വർക്ക് അലോട്ട്മെൻറ് ഫോം ഉണ്ടായിരുന്നു.

10. മസ്റ്റർ റോൾ

✔ 3 ഫയലുകളിൽ ആയി 101 മസ്റ്റർ റോൾ ഉണ്ടായിരുന്നു.

❌ മസ്റ്റർ റോൾ നമ്പർ  9165 ഇൽ wage per day ആകെ എഴുതേണ്ടത് 271 മാത്രമേ രേഖപ്പെടുത്തിയിട്ടുള്ള ഉള്ളൂ.

❌ മസ്റ്റർ റോൾ നമ്പർ 9177, 9178, 9179, 9180, 9181, 9182, 9285, 9286, 11401, 11404, 11405, (DP/262659), 16268, 16269, 16270, 18217, 18218, 18219,18959,18960,18961,18962,18963,18964,(DP/269480) തുടങ്ങിയ ഭൂരിഭാഗം സ്റ്റോറുകളിലും അവധി ദിവസങ്ങളും, ഹാജർ രേഖപ്പെടുത്തിയിരിക്കുന്നത് ചുവന്ന മഷി കൊണ്ടല്ല.

❌ മസ്റ്റർ റോൾ നമ്പർ 23330,11409, 11402, മാറ്റിൻ്റെ ഒപ്പ്  ഇല്ലായിരുന്നു.

❌ മസ്റ്റർ റോൾ നമ്പർ 23191 ഇൽ Kl14-002-004-009/72 വാസന്തി , Kl-14-002-004-009/76 രജനി എന്നിവരുടെ കോളത്തിലും  മസ്റ്റർ റോൾ നമ്പർ 9170 ഇൽ പെയ്മെൻ്റ് ആകെ കണക്കാക്കുന്ന എല്ലാ കോളത്തിലും വെട്ടി തിരുത്തലുകൾ ഉണ്ടായിരുന്നു.

❌ Kl-14-002-004-009/22 കൃഷ്ണകുമാരി ഏഴാം ദിവസം ഒപ്പിനുമേൽ വെട്ടിതിരുത്തിയതായി കാണാൻ സാധിച്ചു.

❌ ഷാർപ്പ്നിംഗ് ചാർജിൽ  Kl-002-004-009/22 കൃഷ്ണകുമാരി,  Kl-002-004-009/227 ദീപ പി എം ടോട്ടൽ കോളത്തിൽ 36 വരേണ്ടത് 42 ആണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നാൽ ആകെ തുക  ശരി ആയിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത് അത്.

11. മെഷർമെൻ്റ് ബുക്ക്.

✔ എം ബുക്കിലെ വിവരങ്ങൾ പൂർണമായിരുന്നു.

✔ എം ബുക്കിലെ തുകയും മസ്റ്റർ റോൾ  തുകയും തുല്യമായിരുന്നന്നു  ✔55 മഴക്കുഴി, 2 മണ്ണ് കയ്യാല, പണ കോരൽ എന്നിങ്ങനെയായിരുന്നു പ്രവർത്തികൾ നടന്നത്.

✔ പ്രീ മെഷർമെൻ്റ്  ഡേറ്റ് ഉണ്ടായിരുന്നു.

12. വേജ്‌ലിസ്റ്റ്

✔ വേജ്‌ലിസ്റ്റ് ഉണ്ടായിരുന്നു.

13. FTO

✔ FTO ഉണ്ടായിരുന്നു.

14. 3 സ്റ്റേജ് ഫോട്ടോഗ്രാഫി

✔ 3 സ്റ്റേജ് ഫോട്ടോഗ്രാഫി.

15. വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ്.

✔ വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നു.

16. മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്

✔ മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ് ഉണ്ടായിരുന്നു.

17. ഫയൽ ട്രാക്കിംഗ് ഫോം

✔ ഫയൽ ട്രാക്കിംഗ് ഫോം ഉണ്ടായിരുന്നു.

18. ജിയോ റ്റാഗ്ഗ്ഡ് ഫോട്ടോഗ്രാഫി

❌ ജിയോ റ്റാഗ്ഗ്ഡ് ഫോട്ടോഗ്രാഫി ഇല്ലായിരുന്നു.

19. സൈറ്റ് ഡയറി

✔ സൈറ്റ്ഡയറി ഉണ്ടായിരുന്നു, സന്ദർശന കുറിപ്പ് രേഖപ്പെടുത്തിയിരുന്നു.

❌ എന്നാൽ കൺവീനറുടെ വിലാസം ഒപ്പ് നമ്പർ എന്നിവ ഇല്ലായിരുന്നു.

## <u>ഫീൽഡ് പരിശോധന റിപ്പോർട്ട്</u>

### <u>പാട്ടകൃഷി ഗ്രൂപ്പ്-1</u>

DP/269480 24 തൊഴിലാളികൾ192 ദിവസങ്ങളിലായി 4 സ്വകാര്യവ്യക്തികളുടെ വസ്തുവിലായാണ് ( ഗീതാകുമാരി, ജിഷ്ണു ഭവൻ, കുറക്കട ജനാർദ്ദനൻ മകൾ ശാന്ത, ശ്രീകണ്ഠൻ നായർ ഭാര്യ സിന്ധു, സുമതി മതി മകൾ വിജയമ്മ) പാട്ടകൃഷി നടന്നതായി കാണാൻ സാധിച്ചത്. ഫീൽഡിൽ ചെന്നപ്പോൾ മൂന്നു പുരയിടങ്ങളിലായാണ് പാട്ടകൃഷി

നടന്നതെന്നും നാലിലൊരു ഭാഗം ഗുണഭോക്താവിനു ആണെന്നും( ഗീതാകുമാരി) അറിയാൻ സാധിച്ചു. ആ പുരയിടത്തിൽ പാട്ടകൃഷി നടന്നില്ല എന്ന് കാണാൻ സാധിച്ചു. പാട്ടകൃഷി നടന്നതായി കണ്ട മറ്റു പുരയിടങ്ങളിൽ മരച്ചീനികൃഷി ആണ് കൃഷി ചെയ്തിരുന്നത്. അവയിൽ നല്ല വിളവ് ലഭിച്ചതിനാൽ പുനർകൃഷി നടത്തുന്നതിനായി മനസ്സിലാക്കാൻ കഴിഞ്ഞു. മെഷർമെന്റ് ബുക്ക് പ്രകാരമുള്ള 12 മഴ കുഴികളിൽ 5 എണ്ണം മാത്രമേ നിലനിൽക്കുന്നുള്ളൂ 3 പുരയിടങ്ങളിലും നല്ലതായി കൃഷി നടക്കുന്നതായി കാണാൻ കഴിഞ്ഞു.

**മണ്ണ് ജലസംരക്ഷണം**

മണ്ണ് ജല സംരക്ഷണം ( ഖണ്ഡിക 5 പ്രകാരമുള്ള ഗുണഭോക്താക്കൾക്ക്) (DP/262659, DP/269480) 36 സ്വകാര്യവ്യക്തികളുടെ പുരയിടങ്ങളിൽ ആണ് പരിശോധന നടത്തിയത്. 21 പുരയിടങ്ങളിലായാണ് മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ നടന്നതായി കണ്ടത്. അതിൻ പ്രകാരം 35 മഴക്കുഴികൾ കാണാൻ കഴിഞ്ഞതിൽ 10 കുഴികൾ മാത്രമേ ഉപയോഗപ്രദമായ നിലയിൽ കാണാൻ നിലനിൽക്കുന്നുള്ളൂ. മറ്റുള്ളവ മണ്ണ് നിറഞ്ഞ മൂടി അവസ്ഥയിലും മാലിന്യങ്ങൾ നിറഞ്ഞ അവസ്ഥയിലുമാണ് ചിലതിൽ തെങ്ങ്, വാഴ എന്നിവ നട്ടിരിക്കുന്നതായും കണ്ടു. 17 പുരയിടങ്ങളിൽ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് പകരം കൃഷി വികസനവുമായി ബന്ധപ്പെട്ട പ്രവർത്തികൾ ആണ് ( വാഴ, മരച്ചീനി) കാണാൻ കഴിഞ്ഞത്. പ്രവർത്തി സംബന്ധമായ ഗുണഭോക്താക്കളെ കുറിച്ച് പ്രവർത്തികളെ കുറിച്ച് കൃത്യമായ ധാരണ ഇല്ലായിരുന്നു എന്നു മനസ്സിലായി ആയി. മണ്ണ് ജല സംരക്ഷണ പ്രവർത്തികളിലെ മഴക്കുഴികളെ കുറിച്ച് അന്വേഷിച്ചപ്പോൾ സോഷ്യൽ ഓഡിറ്റ് പരിശോധനയ്ക്ക് വരുമെന്നതിനാൽ പല പുരയിടങ്ങളിലും കുഴി എടുക്കുകയും കരപ്പച്ചീട്ട് കൈ പറ്റിയിട്ടില്ല എന്നുമാണ് വിവരം ലഭിച്ചത്. പരിശോധനയിൽ ചെന്ന ഒരു പുരയിടങ്ങളിലും സി ഐ ബി ഇല്ലായിരുന്നു ഈ വർഷമാണ് അങ്ങനെ ഒരു ബോഡിനെക്കുറിച്ച് അറിയുന്നത്.

## ഡോർ ടു ഡോർ

രണ്ടു വീടുകളിൽ ആയി 55 തൊഴിലാളികളെ കാണുകയും തൊഴിൽകാർഡ് പരിശോധിക്കുകയും ചെയ്തു തൊഴിൽ കാർഡ് 209 ലതാകുമാരി ഒപ്പിട്ടിട്ടില്ല. തൊഴിലാളികൾക്ക് 10 അവകാശങ്ങളെക്കുറിച്ച് വിവരിച്ചതിൽ നിന്നും 10 അവകാശങ്ങളെക്കുറിച്ച് തൊഴിലാളികൾക്ക് വ്യക്തമായ ധാരണയും ഉണ്ടായിരുന്നില്ല എന്ന്

മനസ്സിലായി. ശമ്പള വർദ്ധന, പ്രവർത്തിസമയം ചുരുക്കൽ, 2008-ൽ തൊഴിൽ കാർഡ് എടുത്തവർക്ക് മുൻഗണന നൽകൽ, മാസവേതനം, ഇൻഷുറൻസ്, നൂറുദിനം എന്നത് അധികം ആക്കണമെന്നും ആയിരുന്നു അവരുടെ പ്രധാന ആവശ്യങ്ങൾ. പ്രാഥമിക ശുശ്രൂഷ കിറ്റ്, ടാർപോളിൻ, കുടിവെള്ളം ചൂടാകാനുള്ള കലം, കയ്യുറ, കാലുറ ലഭിച്ചില്ല എന്നും തൊഴിലാളികൾ പരാതി പറഞ്ഞു. ടാർപാളത്തിൽ ഇല്ലാത്തതിനാൽ മഴ സമയങ്ങളിൽ നല്ല ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട് എന്നും പരിശോധനയിൽ നിന്ന് മനസ്സിലാക്കി. തൊഴിൽ കാർഡ് പരിശോധിച്ചതിൽ നിന്നും തൊഴിൽ ലഭിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ല. ഹാജർ വിവരം തെറ്റായി മാർക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു.

<u>**ഗ്രാമസഭ റിപ്പോർട്ട്**</u>

**ചിറയിൻകീഴ് ബ്ലോക്ക്**

**കിഴുവിലം ഗ്രാമപഞ്ചായത്ത്**

**വാർഡ് നമ്പർ 09(നൈനാംകോണം)**

അജണ്ട

1.ഈശ്വര പ്രാർത്ഥന (തീയതി : 30/10/2019)

2.അധ്യക്ഷയെ തിരഞ്ഞെടുപ്പ് (സമയം: 2:00pm)

3.സ്വാഗതം

4.റിപ്പോർട്ട് അവതരണം

5.ചർച്ച

6.തീരുമാനം

7.കൃതജ്ഞത

30/10/2019, (വാർഡ് -9) വാർഡ് മെമ്പറുടെ വീട്ടിൽ വച്ച് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൂടുകയുണ്ടായി തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളിൽ നിന്നും 100 ദിവസത്തെ പണി ചെയ്ത ഒരു വ്യക്തിയെ അധ്യക്ഷയായി തിരഞ്ഞെടുത്തു. ഈശ്വര പ്രാർത്ഥനയോടുകൂടി തന്നെ ഗ്രാമസഭാ യോഗം ആരംഭിച്ചു. VRP സജീഹ പ്രതിജ്ഞ പറയുകയും തൊഴിലാളികളും എത്തിച്ചേർന്ന എല്ലാവരും ഏറ്റു ചൊല്ലുകയും ചെയ്തു, VRP പ്രവർണ 10 അവകാശങ്ങൾ പറഞ്ഞുകൊടുത്തു. വാർഡ് മെമ്പർ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ ക്ക് സ്വാഗതം പറഞ്ഞു. VRP സജീഹ റിപ്പോർട്ട് അവതരിപ്പിച്ചു . ഇതിനുശേഷം BRP മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കുറിച്ച് വിവരിച്ചു തുടർന്ന് ഓഡിറ്റിങ് കുറിച്ചും എന്തിനാണ് ഓഡിറ്റ് എന്തിന് നടത്തുന്നു എന്നുള്ള കാര്യങ്ങൾ വിവരിച്ചു.

ഇതിനുശേഷം ചർച്ചയിലേക്ക് കടന്നു.

**ചർച്ച**

2008 തൊഴിൽ കാർഡ് എടുത്ത് ജോലി ചെയ്ത് തൊഴിലാളികൾക്ക് മുൻഗണന വേണമെന്ന് ഒരു തൊഴിലാളി അഭിപ്രായപ്പെട്ടു. സമയം ചുരുക്കൽ ആവശ്യമാണ് എന്ന് തൊഴിലാളി ആയ ബേബി അഭിപ്രായപ്പെട്ടു. തൊഴിലാളികൾക്ക് വേതനം 15 ദിവസത്തിനകം അല്ലെങ്കിൽ 30 ദിവസത്തിനകം ലഭ്യമാക്കണമെന്നും ചന്ദ്രിക അഭിപ്രായപ്പെട്ടു. പാട്ടകൃഷി ഫയലിൽ 4 പുരയിടങ്ങളിൽ ആണ് കൊടുത്തിരിക്കുന്നത് എന്നാൽ 3 പുരയിടങ്ങളിലായാണ് ചെയ്തിരിക്കുന്നത്. ഒരു പുരയിടം കൺവീനറുടെ പേരിലാണെന്നും എന്നാലത് മുദ്രപത്രം കൺവീനറുടെ ആയതിനാലാണ് അതേ പേരും വിലാസവും വന്നു എന്ന് പറയുകയുണ്ടായി ആഴ്ചയിൽ ഒരു ദിവസം അവധി എടുക്കാമെന്ന് ബിആർപി പറയുക ഉണ്ടായി. അത് ഞായറാഴ്ച അവധി എടുക്കുന്നതാണ് നല്ലത് അതാകുമ്പോൾ ഉദ്യോഗസ്ഥർക്ക് വന്ന് പരിശോധന നടത്താനും കഴിയും ഞായറാഴ്ച പഞ്ചായത്ത് അവധിയായതിനാൽ ഉദ്യോഗസ്ഥർക്കും ബുദ്ധിമുട്ടും ഉണ്ടാകില്ല എന്ന് അഭിപ്രായപ്പെട്ടു. തൊഴിലാളികൾക്കായുള്ള വെള്ളം ചൂടാക്കാൻ ഉള്ളത് മേറ്റ് ആണെന്നും, അത് ലഭിക്കുന്നില്ല എന്നും തൊഴിലാളി ബിന്ദു അഭിപ്രായപ്പെട്ടു. മസ്റ്റർ റോളുകളിൽ വെട്ടി തിരുത്തലുകൾ ഉണ്ടാകുന്നത് തൊഴിലാളികൾ താമസിച്ചു വരുന്നത് കൊണ്ടാണെന്ന് പറയുകയുണ്ടായി. 9.10 ന് ശേഷം വരുന്നവരുടെ വിവരം പഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും സെക്രട്ടറി റിപ്പോർട്ട് എഴുതി വെക്കുകയും ചെയ്തു. എപിഎൽ കാർഡ് ഉള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പാവപ്പെട്ട കുടുംബങ്ങൾക്ക് എപിഎൽ കാർഡ് അടിച്ചു കൊടുത്തിരിക്കുന്നു എന്നാൽ അവരുടെ പുരയിടങ്ങളിൽ തൊഴിൽ ചെയ്യാൻ കഴിയാതെ വരുന്നുണ്ട് എന്നാൽ AEസുജ അവരോട് പറയുക ഉണ്ടായി മെമ്പറുടെ കൈവശം നിന്നും എഴുതി വാങ്ങിയാൽ ജനുവരി മാസത്തിൽ ശരിയാക്കി തരാം എന്നു പറഞ്ഞു. ജല പ്രവർത്തനങ്ങൾ ചെയ്യുമ്പോൾ മാത്രമാണ് തൊഴിൽ സ്ഥലങ്ങൾ ദൂരത്ത് വരുന്നതെന്ന് AE അഭിപ്രായപ്പെട്ടു. തുടർന്ന് റിപ്പോർട്ട് കയ്യടിച്ചു പാസാക്കുകയും എത്തിച്ചേർന്ന എല്ലാവർക്കും നന്ദി പറഞ്ഞു യോഗം പിരിയുകയും ചെയ്തു.

തയാറാക്കിയത്

VRP സജീഹ, സുവർണ്ണ, ഗോപിക, രഹന